# കാത്തിരുന്ന് കാണാം

പി.രാമൻ

വളഞ്ഞുപുളഞ്ഞ കഴുത്തുള്ള കൊറ്റികൾ
ആ മരമവിടെയില്ലെങ്കിൽ
വരും കൊല്ലമെന്തുചെയ്യും?
ആയിരക്കണക്കിനു നാഴിക താണ്ടിയ ക്ഷീണം
ആ ചെറിയ മരത്തിൽ
ആണ്ടിലൊരിക്കലെത്തുന്നു.
നൂറ്റാണ്ടുകൾക്കുമുമ്പേ കെട്ടുപൊട്ടിപ്പോയ
നീണ്ട വെള്ളനാടയുള്ള പട്ടം
കാലം കടന്നിട്ടും വെണ്മ മങ്ങാതെ
ചില്ലപ്പരപ്പിൽ അലസമായ് വന്നു തങ്ങിയ
പോലെ

ഒരിക്കൽ ഞാൻ കണ്ടപ്പോൾ
അപ്പോൾ ചിറകൊതുക്കിയേയുള്ളൂ എന്ന മട്ടിൽ
അവ തളർന്നു കുഴഞ്ഞിരുന്നു.
പിന്നൊരു കൊല്ലം കണ്ടപ്പോൾ
ഒരു പ്രത്യേക നൃത്തം ചെയ്ത്
ക്ഷീണം മാറ്റിക്കൊണ്ടിരുന്നു.

അടുത്തകൊല്ലം ആ മരമവിടെയില്ലെന്ന്
യാത്ര തുടങ്ങുമ്പോഴേ അവയറിയുമോ?
അറിയാതെ പറന്നെത്തി കാണാതെ വട്ടം
ചുറ്റുമോ?
അടുത്ത മരം തെരഞ്ഞെടുക്കുമോ?
ആ മരം ഒരു ശീലമാക്കുമോ?
അതോ ഒന്നു ചിറകനക്കുകപോലും ചെയ്യാതെ
തിരിച്ചുപറക്കുമോ?
ഇനിയൊരിക്കലും ഇതിലേ വരേണ്ട എന്ന
തീരുമാനം
ചിറകുകൊണ്ടും കൊക്കുകൊണ്ടും അവ
പ്രഖ്യാപിക്കുമോ?

ആ വീട് അവിടെയില്ലെങ്കിൽ
ആ മനുഷ്യൻ അവിടെയില്ലെങ്കിൽ
ഞാനങ്ങനെ പ്രഖ്യാപിക്കുമോ
എന്റെ കൊക്കുകൊണ്ടും ചിറകുകൊണ്ടും?

• • • • • • • • • • •